പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1601 | 13.07.2011-ൽ മറുപടിക്ക് |
|---|---|

## പീഡനത്തിന് ഇരയാകുന്നവർക്ക് സഹായധനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.കെ.ലതിക<br>ശ്രീമതി കെ.എസ്.സലീഖ<br>ശ്രീ. സി.കെ.സദാശിവൻ<br>ശ്രീ. കെ.കെ.നാരായണൻ | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | ലൈംഗിക പീഡനത്തിന് ഇരയാകുന്നവർക്ക് സഹായധനം നൽകാൻ കേന്ദ്രഗവൺമെന്റ് തയ്യാറാക്കിയ പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. ബലാത്സംഗത്തിനിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സാമ്പത്തിക സഹായം, കൗൺസിലിംഗ്, വൈദ്യസഹായം , പാർപ്പിടം എന്നിവ ലഭ്യമാക്കുവാൻ വിഭാവനം ചെയ്തു കൊണ്ടുള്ളതാണ് പ്രസ്തുത പദ്ധതി. സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും 'ക്രിമിനൽ ഇൻജ്യൂറിസ് റിലീഫ് ആന്റ് റീഹാബിലിറ്റേഷൻ' ബോർഡുകൾ രൂപീകരിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ജില്ലാ മജിസ്ട്രേട്ട്, ഡെപ്യൂട്ടി കമ്മീഷണർ, ജില്ലാ കളക്ടർ എന്നിവരിലാരെങ്കിലും ഒരാൾ ചെയർ പേഴ്സണും, പോലീസ് സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസർ, ലീഗൽ സർവ്വീസ് അതോറിറ്റി മെമ്പർ, ചെയർപേഴ്സൺ നിർദ്ദേശിക്കുന്ന വനിതാ അംഗം, ജില്ലാ സാമൂഹ്യക്ഷേമ ആഫീസർ എന്നിവർ അംഗങ്ങളുമായ ബോർഡാകണം |

| | | | |
|---|---|---|---|
| | | | രൂപീകരിക്കേണ്ടത്.<br><br>സംസ്ഥാന തലത്തിൽ രൂപീകരിക്കുന്ന ബോർഡിന്റെ ചെയർ പേഴ്സൺ സാമൂഹ്യക്ഷേമ പ്രിൻസിപ്പൽ സെക്രട്ടറിയും, സെക്രട്ടറിയായും ആയിരിക്കും. ആഭ്യന്തരം, ആരോഗ്യം, നിയമം എന്നീ വകുപ്പിലെ പ്രതിനിധികളും ലീഗൽ സർവ്വീസ് അതോറിറ്റി പ്രതിനിധി, നാമനിർദ്ദേശം ചെയ്യപ്പെട്ട രണ്ട് വനിതകൾ എന്നിവർ അംഗങ്ങളും സാമൂഹ്യക്ഷേമ ഡയറക്ടർ മെമ്പർ സെക്രട്ടറിയും ആയിരിക്കും.<br>2 ലക്ഷം രൂപ വരെ സഹായധനം നൽകുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ജില്ലാ ബോർഡിന് ലഭിക്കുന്ന അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചാണ് സാമ്പത്തിക സഹായം സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നത്. |
| (ബി) | പീഡനത്തിന് ഇരയാകുന്നവർക്ക് സഹായം നൽകുന്ന പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ടോ; എങ്കിൽ സംസ്ഥാന സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത്; | (ബി) | പീഡനത്തിന് ഇരയാകുന്നവർക്ക് സഹായം നൽകുന്ന 'Victim Rehabilitation Scheme' എന്ന പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായമായി 10,000/- രൂപ നൽകി വരുന്നു ( അഞ്ച് ജില്ലകളിലെ |

| | | | |
|---|---|---|---|
| | | | പ്രൊബേഷൻ ആഫീസർക്ക് ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട കമ്മിറ്റി പരിശോധിച്ച് അർഹരായവർക്ക് ധനസഹായം നൽകുകയാണ് ചെയ്യുന്നത്.) |
| (സി) | കഴിഞ്ഞ സാമ്പത്തിക വർഷം എത്രപേർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്; ഈ ഇനത്തിൽ എന്തു തുക ചെലവായിട്ടുണ്ട്? | (സി) | 2010-11 സാമ്പത്തിക വർഷത്തിൽ 2 പേർക്ക് 10,000/- രൂപ വീതം ആകെ 20,000/- രൂപ അനുവദിച്ച് നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ